ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.10.2023** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപിതാവിന്റെ 154-ാം ജന്മവാർഷികത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവർ ഗാന്ധി സമാധിയിൽ പുഷ്പാർച്ചന നടത്തി.

   **Nation pays tribute to the Father of the Nation on his 154th birth anniversary. President, Vice President and Prime Minister paid floral tributes at Gandhi Samadhi.**

2. രാജസ്ഥാനിൽ 7,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ചു, ഉച്ചക്ക് ശേഷം പ്രധാനമന്ത്രി മദ്ധ്യപ്രദേശ് സന്ദർശിക്കും.

   **Prime Minister Narendra Modi launched various development projects worth Rs 7,000 crore in Rajasthan. Prime Minister will visit Madhya Pradesh in the afternoon.**

3. രാജ്യത്തെ സർക്കാർ ഓഫീസുകളിലെ കാലതാമസം ഒഴിവാക്കുന്നതും ശുചീകരണവും ലക്ഷ്യമിട്ടുള്ള പ്രത്യേക പ്രചാരണ പരിപാടിക്ക് തുടക്കമായി.

   **A special campaign aimed at eliminating delays and waste disposal in government offices in the country has been launched**

4. സംസ്ഥാനത്ത് കാൻസർ ചികിത്സക്കായി ക്യാൻസർ ഗ്രിഡ് രൂപീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Cancer grid will be formed for cancer treatment in the state- Chief Minister Pinarayi Vijayan.**

5. കേരളത്തിലും ലക്ഷദ്വീപിലും ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യത.

   **heavy rain warning in Kerala and Lakshadweep today, saya IMD**

6. ഏഷ്യൻ ഗെയിംസിൽ 13 സ്വർണവും 21 വെള്ളിയുമടക്കം ഇന്ത്യക്ക് 55 മെഡലുകൾ

**India won 55 medals including 13 gold and 21 silver in Asian Games**

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## NEW GANDHI JAYANTI (INTRO)

അടിമത്തത്തിന്റെ അന്ധകാരത്തിൽ നിന്ന് സ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തിലേക്ക് ഭാരതത്തെ നയിച്ച രാഷ്ട്രപിതാവിന്റെ 154-ാം ജന്മവാർഷികത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം.

**(Music)**

ഡൽഹിയിൽ രാജ്ഘട്ടിലെ മഹാത്മാഗാന്ധിയുടെ സമാധിയിൽ സർവധർമ്മ പ്രാർത്ഥനാ സഭ സംഘടിപ്പിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ രാവിലെ രാജ്ഘട്ടിൽ രാഷ്ട്രപിതാവിന്റെ സമാധിയിൽ പുഷ്പാർച്ചന നടത്തി. ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രി ഹർദീപ് സിങ് പുരി, ഡോ ജിതേന്ദ്ര സിങ്, മീനാക്ഷി ലേഖി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ എന്നിവരും പുഷ്പാർച്ചന നടത്തി.

(വോയിസ്)

മഹാത്മാഗാന്ധിയുടെ സത്യത്തിന്റെയും അഹിംസയുടെയും ദർശനങ്ങൾ ലോകത്തിന് പുതിയ വഴിയൊരുക്കിയെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു സന്ദേശത്തിൽ വ്യക്തമാക്കി. ജീവിതത്തിലുടനീളം ഗാന്ധിജി അഹിംസയ്ക്കുവേണ്ടി പോരാടുക മാത്രമല്ല, ശുചിത്വം, സ്ത്രീ ശാക്തീകരണം, സ്വാശ്രയത്വം, കർഷകരുടെ അവകാശങ്ങൾ എന്നിവ ഏറ്റെടുക്കുകയും തൊട്ടുകൂടായ്മ, സാമൂഹിക വിവേചനം, നിരക്ഷരത എന്നിവയ്ക്കെതിരെ പോരാടുകയും ചെയ്തു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാൻ മഹാത്മാഗാന്ധി എല്ലാവരേയും പ്രചോദിപ്പിച്ചെന്നും ചരിത്രത്തിന്റെ ഗതി മാറ്റിമറിച്ച ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന് നേതൃത്വം നൽകിയെന്നും ശ്രീ ദ്രൗപതി മുർമു പറഞ്ഞു. മഹാത്മാഗാന്ധിയുടെ സത്യത്തിന്റെയും അഹിംസയുടെയും തത്വങ്ങൾ

കൊളോണിയൽ ഭരണത്തിനെതിരായ ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെ നയിച്ചതായി വൈസ് പ്രസിഡന്റ് ജഗ്ദീപ് ധൻഖർ പറഞ്ഞു. സ്വാതന്ത്ര്യത്തിനും സമത്വ ത്തിനും വേണ്ടിയുള്ള ബാപ്പുവിന്റെ അശ്രാന്ത പരിശ്രമം ഇന്ത്യക്ക് മാത്രമല്ല, ആഗോള സമൂഹത്തിനും ഒരു വഴിവിളക്കാണെന്ന് അദ്ദേഹം സന്ദേശത്തിൽ പറഞ്ഞു.

മഹാത്മാഗാന്ധിയുടെ കാലാതീതമായ പാഠങ്ങൾ പാതക്ക് വെളിച്ചം നൽകുന്നതായി പ്രധാനമന്ത്രി പറഞ്ഞു. ഐക്യ ത്തിന്റെയും അനുകമ്പയുടെയും മനോഭാവം വളർത്തി യെടുക്കാൻ മുഴുവൻ മനുഷ്യരാശിയെയും പ്രചോദിപ്പി ക്കുന്ന ഗാന്ധിയുടെ സ്വാധീനം ലോകമാകെ അംഗീകരിക്ക പ്പെട്ടതാണെന്നും അദ്ദേഹം പറഞ്ഞു. കേരളമുൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളിലും ഗാന്ധി ജയന്തി ഉചിതമായി രീതിയിൽ ആഘോഷിക്കുകയാണ്. വിദേശത്തെ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങളിലും വിവിധ പരിപാടികൾ പുരോഗമിക്കുന്നു.

ന്യൂസ് ഡസ്ക് ആകാശവാണി

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## GUJ-GANDHI JAYANTI

മഹാത്മാഗാന്ധിയുടെ ജന്മവാർഷികത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ ജന്മനാടായ ഗുജറാത്തിൽ വിവിധ പരിപാടികൾ പുരോഗമിക്കുകയാണ്. അഹമ്മദാബാ ദിലെ സബർമതി ആശ്രമത്തിലും രാഷ്ട്രപിതാവിന്റെ ജന്മസ്ഥലമായ പോർബന്തറിലെ കീർത്തി മന്ദിറിലും എല്ലാ മത പ്രാർത്ഥനകളും സംഘടിപ്പിക്കുന്നു. മഹാത്മാ ഗാന്ധിയുടെ ജന്മവാർഷികത്തോടനുബന്ധിച്ച് സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന വൈബ്രന്റ് ഗുജറാത്ത് വൈബ്രന്റ് ഡിസ്ട്രിക്റ്റ് പരിപാടിക്ക് ഇന്ന് തുടക്കം കുറിക്കും.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## GANDHIJI- CM

സംസ്ഥാനത്തും ഗാന്ധിജയന്തി സമുചിതമായി ആഘോഷിക്കുകയാണ്. സംസ്ഥാനസർക്കാർ, ഗാന്ധിയൻ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ ശുചീകരണ യജ്ഞവും പുരോഗമിക്കുന്നു. സ്വതന്ത്ര ജനാധിപത്യ രാഷ്ട്രത്തിലെ പൗരന്മാർ എന്ന നിലയ്ക്ക് ആത്മാഭിമാനത്തോടെ തലയുയർത്തി നടക്കാൻ നമുക്ക് സാധിച്ചതിൽ ഗാന്ധിജിയുടെ ത്യാഗപൂർണ്ണമായ ജീവിതത്തിന് നിസ്തുലമായ പങ്കുണ്ട്എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു.
ഏത് സ്വേച്ഛാധിപത്യത്തിന്റെ മുന്നിലും ഏകനായി നിന്ന് പ്രതിരോധിക്കാനുള്ള ആത്മബലത്തിന്റെ പേരാണ് മഹാത്മാ ഗാന്ധി എന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## V.MURALEEDHARAN

ഗാന്ധിജിയുടെ ആശയങ്ങളാണ് ജനപങ്കാളിത്തത്തിലൂടെ കേന്ദ്രസർക്കാർ നടപ്പിലാക്കുന്നതെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി മുരളീധരൻ. 2014ഇൽ പ്രധാനമന്ത്രി പ്രഖ്യാപിച്ച സ്വച്ച് ഭാരത് മിഷൻ ഇതിന്റെ ഭാഗമാണെന്നും അദ്ദേഹം പറഞ്ഞു. സ്വാതന്ത്ര്യാനന്തരം വന്ന ഒരു സർക്കാരും ഗാന്ധിജി മുന്നോട്ട് വെച്ച ശുചിത്വം എന്ന ആശയത്തിന് ഇത്രമേൽ പ്രാധാന്യം നൽകിയിട്ടുണ്ടാവില്ലെന്നും അദ്ദേഹം പറഞ്ഞു. സ്വച്ഛ ഭാരത് മിഷന്റെ ഭാഗമായി തിരുവനന്തപുരം പൂജപ്പുര ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി ബയോമെഡിക്കൽ വിങ്ങിൽ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ നടത്തിയ ശുചീകരണ യജ്ഞം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## GANDHI JAYANTHI- LAKSHADWEEP

ഗാന്ധിജയന്തി ദിനാഘോഷങ്ങളുടെ ഭാഗമായി ലക്ഷദ്വീപിലും ദ്വീപു തലങ്ങളിലായി വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. തലസ്ഥാന ദ്വീപായ കവരത്തി സെക്രട്ടറിയേറ്റിൽ നിന്നുമാരംഭിച്ച് ഗാന്ധി സ്ക്വയറിൽ സംഗമിച്ച പ്രഭാതഭേരി മാർച്ചിൽ വിദ്യാത്ഥികൾ, വനിതകൾ, ഉദ്യോഗസ്ഥർ ഉൾപ്പെടെ നൂറ് കണക്കിനാളുകൾ പങ്കെടുത്തു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## SASTRI ANNIVERSARY

മുൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയുടെ 120 ആം ജന്മദിനം കൂടിയാണിന്ന്. പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യതലസ്ഥാനത്തെ ലാൽ ബഹാദൂർ ശാസ്ത്രിയുടെ സ്മാരകമായ വിജയ് ഘട്ടിൽ പുഷ്പാർച്ചന നടത്തി.
ലാൽ ബഹാദൂർ ശാസ്ത്രിയുടെ ലാളിത്യവും രാഷ്ട്രത്തോടുള്ള അർപ്പണബോധവും ജയ് ജവാൻ, ജയ് കിസാൻ എന്ന ആഹ്വാനവും ഇന്നും തലമുറകളെ പ്രചോദിപ്പിക്കുന്നുവെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ഇന്ത്യയുടെ പുരോഗതിയോടുള്ള അദ്ദേഹത്തിന്റെ അചഞ്ചലമായ പ്രതിബദ്ധതയും വെല്ലുവിളി നിറഞ്ഞ സമയങ്ങളിൽ അദ്ദേഹത്തിന്റെ നേതൃത്വവും മാതൃകാപരമാണെന്ന് മോദി പറഞ്ഞു. ലാൽ ബഹാദൂർ ശാസ്ത്രിയുടെ ധീരതയും സേവനവും ലാളിത്യവും എക്കാലവും ഓർമ്മിക്കപ്പെടുമെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ പറഞ്ഞു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## SPECIAL CAMPAIGN - SWACHHATA

രാജ്യത്തെ സർക്കാർ ഓഫീസ് പ്രവർത്തനങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതും ശുചീകരണം ലക്ഷ്യമിട്ടുമുള്ള പ്രത്യേക പ്രചാരണ പരിപാടി സ്വച്ഛതാ 3.0

ശ്ക് തുടക്കമായി. ഗാന്ധിജയന്തിയോടനുബന്ധിച്ചാണ് പ്രചാരണം. കഴിഞ്ഞ രണ്ട് വർഷമായി നടത്തിയ പ്രത്യേക പ്രചാരണത്തിന്റെ തുടർച്ചയാണ് ഈ മാസം 31 വരെ തുടരുന്ന പരിപാടി.

കഴിഞ്ഞ രണ്ട് സ്വച്ഛതാ കാമ്പെയ്നുകളിൽ സർക്കാർ ഓഫീസുകളിലെ ഏകദേശം 90 ലക്ഷം ചതുരശ്ര അടി സ്ഥലം വൃത്തിയാക്കി ഉൽപ്പാദനക്ഷമമാക്കി മാറ്റിയെന്ന് കേന്ദ്രവ്യക്തി-പൊതുപരാതി മന്ത്രാലയം അറിയിച്ചു. രാജ്യത്ത് തൊട്ടുകൂടായ്മയെ കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനായി തൊട്ടുകൂടായ്മ വിരുദ്ധ വാരാചരണത്തിന് ഇന്ന് തുടക്കമാകും.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

# PM VISIT-CHITTORGARH & GWALIOR

രാജസ്ഥാനിലെ ചിറ്റോർഗഡിൽ 7,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ചു, സംസ്ഥാനത്ത് കൂടുതൽ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു. പുതിയ പദ്ധതികളിലൂടെ നിരവധി പേർക്ക് തൊഴിൽ ലഭിക്കുമെന്നും ശ്രീ മോദി വ്യക്തമാക്കി. വാതക അധിഷ്ഠിത സമ്പദ്‌വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കു ന്നതിനുള്ള ചുവടുവയ്പ്പായ, രാജസ്ഥാനിലെ മെഹ്സാന-ഭട്ടിൻഡ-ഗുരുദാസ്പൂർ ഗ്യാസ് പൈപ്പ്ലൈൻ പ്രധാനമന്ത്രി നാടിന് സമർപ്പിച്ചു. അബു റോഡിൽ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ എൽ.പി.ജി പ്ലാന്റും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. ഇരട്ടിപ്പിച്ച ചിറ്റോർഗഡ്-നീമച്ച് റെയിൽ പാത, വൈദ്യുതീകരിച്ച കോട്ട - ചിറ്റോർഗഡ് റെയിൽ പാത, എൻ.എച്ച് -12 ലെ നാലുവരിപ്പാത എന്നിവയും രാഷ്ട്രത്തിന് സമർപ്പിച്ചു.

ഉച്ചക്ക് ശേഷം പ്രധാനമന്ത്രി മദ്ധ്യപ്രദേശ് സന്ദർശിക്കും. ഗ്വാളിയറിൽ 19,260 കോടി രൂപയുടെ സംരംഭങ്ങൾ

നാടിന് സമർപ്പിക്കും. ഡൽഹി-വഡോദര അതിവേഗപാത, അഞ്ച് വ്യത്യസ്ത റോഡ് പദ്ധതികൾ എന്നിവയ്ക്ക് അദ്ദേഹം തറക്കല്ലിടും. പി.എം.എ.വൈ ഗ്രാമീണിന് കീഴിൽ നിർമ്മിച്ച രണ്ടേകാൽ ലക്ഷത്തിലധികം വീടുകളുടെ ഗൃഹപ്രവേശനത്തിനും പ്രധാനമന്ത്രി തുടക്കം കുറിയ്ക്കും.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## US-INDIA RELATIONS

ഇന്ത്യ-യുഎസ് ബന്ധം പുതിയ തലത്തിലേക്ക് എത്തിക്കാനുള്ള വിദേശകാര്യ മന്ത്രി എസ് ജയശങ്കറിന്റെ പ്രതിജ്ഞാബദ്ധതക്ക് അമേരിക്ക സർക്കാർ പ്രതിനിധികളുടെ അഭിനന്ദനം. വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിനെ അനുമോദിക്കുന്നതിനായി യുഎസിലെ ഇന്ത്യൻ അംബാസഡർ തരൺജിത് സിംഗ് സന്ധു സംഘടിപ്പിച്ച പ്രത്യേക സ്വീകരണത്തിനിടെയാണ് അഭിനന്ദനപ്രവാഹം. ആധുനിക ഇന്ത്യ-യുഎസ് ബന്ധങ്ങളുടെ ശില്പിയാണ് ജയശങ്കറെന്നും യു.എസ് പ്രതിനിധികൾ പറഞ്ഞു. യുഎസ് സർജൻ ജനറൽ വിവേക് മൂർത്തി, സ്റ്റേറ്റ് ഡെപ്യൂട്ടി സെക്രട്ടറി റിച്ചാർഡ് വർമ, പ്രസിഡന്റ് ബൈഡന്റെ ആഭ്യന്തര നയ ഉപദേഷ്ടാവ് നീര ടാൻഡൻ, വൈറ്റ് ഹൗസ് ഓഫീസ് ഓഫ് നാഷണൽ ഡ്രഗ് കൺട്രോൾ പോളിസി ഡയറക്ടർ ഡോ. രാഹുൽ ഗുപ്ത ,നാഷണൽ സയൻസ് ഫൗണ്ടേഷൻ ഡയറക്ടർ സേതുരാമൻ പഞ്ചനാഥൻ, എന്നിവരുൾപ്പെടെ ബൈഡൻ ഭരണകൂടത്തിലെ പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## STAFF SELECTION COMMISSION

വരും കാലങ്ങളിൽ സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ നടത്തുന്ന മത്സര പരീക്ഷകൾ 22 ദേശിയ ഭാഷകളിൽ നടത്തുമെന്ന് ശാസ്ത്ര സാങ്കേതി മന്ത്രി ഡോ ജിതേന്ദ്ര

സിംഗ്. ന്യൂഡൽഹിയിൽ നടന്ന ഭാരതീയ ഭാഷാ ഉച്ചകോടിയുടെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം നിലവിൽ ഹിന്ദിക്കും ഇംഗ്ലീഷിനും പുറമേ 11 പ്രാദേശിക ഭാഷകളിൽ പരീക്ഷ നടത്തുന്നുണ്ട്.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## GADKARI - AUTOMOBILE INDUSTRY

അടുത്ത 3-4 വർഷത്തിനുള്ളിൽ ലോകത്തെ ഒന്നാം നമ്പർ വാഹന നിർമാണ കേന്ദ്രമാകാനാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്ന് റോഡ് ഗതാഗത, ഹൈവേ മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. ചെക്ക് റിപ്പബ്ലിക്കിലെ പ്രാഗിൽ ഇന്നലെ ഇന്ത്യൻ പ്രവാസികളുമായി സംവദിക്കുന്നതിനിടെയാണ് ഗഡ്കരി ഇക്കാര്യം പറഞ്ഞത്. കഴിഞ്ഞ ഒമ്പത് വർഷത്തിനുള്ളിൽ ഓട്ടോമൊബൈൽ വ്യവസായമേഖലയിലെ ഇടപാട് 4.5 ലക്ഷം കോടി രൂപയിൽ നിന്ന് 12.5 ലക്ഷം കോടി രൂപയായി ഉയർന്നു. രാജ്യത്തെ 4.5 കോടി യുവാക്കൾക്കാണ് ഈ വ്യവസായം ജോലി നൽകിയതെന്നും ശ്രീ ഗഡ്കരി പറഞ്ഞു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## BJP

ബിജെപി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി യോഗം ഇന്നലെ ചേർന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രി അമിത് ഷാ, പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഛത്തീസ്ഗഢിലേയും രാജസ്ഥാനിലേയും നിയമസഭാ സ്ഥാനാർഥികളുടെ അന്തിമപട്ടിക സംബന്ധിച്ച് യോഗത്തിൽ ചർച്ച ചെയ്തു. കേന്ദ്രമന്ത്രിമാരായ അർജുൻ റാം മേഘ്വാൾ, ഗജേന്ദ്ര സിംഗ് ഷെഖാവത്ത്, പ്രഹ്ലാദ് ജോഷി എന്നിവരും മറ്റ് ബിജെപി നേതാക്കളും യോഗത്തിൽ പങ്കെടുത്തു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## CM- CANCER SPECIALITY BLOCK

സംസ്ഥാനത്ത് സ്ത്രീകൾക്കിടയിൽ വർദ്ധിച്ചുവരുന്ന സെർവിക്കൽ കാൻസറിനെ പ്രതിരോധിക്കാൻ വികസിത രാജ്യങ്ങളുടെ മാതൃകയിൽ വാക്സിനേഷൻ നൽകാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. എറണാകുളം ജനറൽ ആശുപത്രിയിൽ 25 കോടി രൂപ ചെലവിൽ നിർമ്മിച്ച ആധുനിക കാൻസർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുക യായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ മെഡിക്കൽ കോളജുകളെയും , ജില്ലാ ജനറൽ ആശുപത്രികളെയും , താലൂക്ക് ആശുപത്രികളെയും ഉൾപ്പെടുത്തി ക്യാൻസർ ഗ്രിഡ് രൂപീകരിച്ച് കാൻസർ ചികിത്സ വികേന്ദ്രീ കരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## KOCHI AIRPORT-CM

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ആധുനികവത്കരണം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഏഴു പദ്ധതികൾ മുഖ്യമന്ത്രി ഇന്ന് വൈകിട്ട് ഉദ്ഘാടനം ചെയ്യും. അടിസ്ഥാന സൗകര്യ വികസനം, യാത്രക്കാരുടെ എണ്ണത്തിലുണ്ടാകുന്ന വർധനവ്, വിനോദസഞ്ചാര സാധ്യത തുടങ്ങിയവ മുൻനിർത്തിയാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നത്. ഇംപോർട്ട് കാർഗോ ടെർമിനൽ, യാത്രക്കാർക്ക് വിശ്രമിക്കാനുള്ള എയ്റോ ലോഞ്ച് തുടങ്ങിയവയാണ് ഉദ്ഘാടനത്തിന് ഒരുങ്ങുന്നത്.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## RAIN – KERALA

കേരളത്തിലും ലക്ഷദ്വീപിലും ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മഴ ശക്തി പ്രാപിക്കാൻ സാധ്യതയുള്ള മലയോര തീരദേശ മേഖലയിൽ പ്രത്യേക ജാഗ്രത പുലർത്തേണ്ടതാണെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്നലെ രാവിലെ മുതൽ പെയ്ത കനത്ത മഴയിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

# ASIAN GAMEZ

ഏഷ്യൻ ഗെയിംസിൽ വനിതകളുടെ 400 മീറ്റർ ഹർഡിൽസിൽ ദേശീയ റെക്കോർഡിനൊപ്പമെത്തിയ പ്രകടനത്തോടെ ഇന്ത്യയുടെ വിദ്യ രാംരാജ് ഫൈനലിൽ. 1984ൽ ലൊസാഞ്ചലസിൽ പി.ടി. ഉഷ സൃഷ്ടിച്ച റെക്കോർഡിനൊപ്പമാണ് വിദ്യയെത്തിയത്. ഇതോടെ ഹീറ്റ്സിൽ ഒന്നാം സ്ഥാനം നേടിക്കൊണ്ട് താരം ഫൈനലിലേക്ക് മുന്നേറി.ഏഷ്യൻ ഗെയിംസിൽ ഇന്ത്യ മികച്ച പ്രകടനം തുടരുകയാണ്. നിലവിൽ 13 സ്വർണവും 21 വെള്ളിയും 21 വെങ്കലവുമടക്കം 55 മെഡലുകൾ ഇൻഡി നേടിയിട്ടുണ്ട്. മെഡൽ ജേതാക്കളെ പ്രധാനമന്ത്രി നരേന്ദ്ര മോദി കേന്ദ്ര കായിക മന്ത്രി അനുരാഗ് സിംഗ് താക്കൂർ എന്നിവർ പ്രശംസിച്ചു. താരങ്ങളുടെ അചഞ്ചലമായ നിശ്ചയദാർഢ്യവും ടീം വർക്കും ഏവർക്കും പ്രചോദനമാണ് എന്ന്പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

♠♠♠♠♠♠♠♠♠♠♠♠♠♠♠♠

♠♠♠♠♠♠♠♠